**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **11-09-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ചാത്തന്നൂർ മണ്ഡലത്തിലെ മിനി സിവിൽസ്റ്റേഷന്റെ രണ്ടാം നിലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ നടന്നു വരുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | **2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ മിനി സിവിൽസ്റ്റേഷന്റെ രണ്ടാം നില നിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരികയാണ്.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ടെൻഡർ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | (ബി) | **കെട്ടിട വിഭാഗം** സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സാങ്കേതികാനുമതി കിട്ടുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ